## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 1201      14.06.2012 - ൽ മറുപടിയ്ക്ക്

### പുനലൂർ റസ്റ്റ് ഹൗസ് പുനർ നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ. രാജു | | ഉത്തരം<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി): |
|---|---|---|
| എ) പുനലൂർ റസ്റ്റ് ഹൗസ് പുനർ നിർമ്മാണത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;<br><br>ബി) കെട്ടിടവിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | എ) യും ബി) യും | പുനലൂർ റെസ്റ്റ് ഹൗസ് കോംപ്ളക്സ് നിർമ്മാണത്തിനായി SoR-2010 പ്രകാരം 200 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിൽ ലഭിച്ചു. ടി പ്രൊപ്പോസൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 07.02.2011-ൽ തിരികെ ചീഫ് എഞ്ചിനീയർക്ക് അയച്ചു കൊടുത്തു. എന്നാൽ പുനലൂർ റെസ്റ്റ് ഹൗസ് നിർമ്മാണത്തിനായി 2012-13 വർഷത്തെ ബഡ്ജറ്റ് വാല്യം 2-ൽ ഭാഗം 4-ൽ 127-ാം പേജിൽ 9-ാം ക്രമനമ്പരായി 100 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പ്രസ്തുത നിർമ്മാണത്തിനായി റിവൈസ്ഡ് SoR-2010 - പ്രകാരമുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ കൊല്ലം ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

Majid

സെക്ഷൻ ഓഫീസർ